# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4069 24/08/2017-ൽ മറുപടിയ്ക്ക്

**കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>,, പി.കെ.ശശി<br>,, എം. നൗഷാദ്<br>,, മുരളി പെരുനെല്ലി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും, എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വ്യാജമദ്യത്തിന്റെ ഉപഭോഗം തടയുന്നതിനായി കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് മദ്യം സംഭരിക്കുന്നതിനും, വിതരണം ചെയ്യുന്നതിനുമുള്ള കുത്തകാവകാശം കെ.എസ്.ബി.സി-യിൽ നിക്ഷിപ്തമായിരിക്കുന്നതിനാൽ എഫ്.എൽ-9 വെയർഹൗസുകളിലും, എഫ്.എൽ-1 ചില്ലറവില്പനശാലകളിലും എല്ലായ്പ്പോഴും ആവശ്യത്തിന് സ്റ്റോക്ക് ലഭ്യമാണെന്ന് കെ.എസ്.ബി.സി ഉറപ്പുവരുത്തുന്നു. വില്പനയുടെ പ്രവണതകൾക്കനുസരിച്ച് ദിനംപ്രതി മദ്യത്തിന്റെ പർച്ചേസ് ഓർഡറുകൾ സമർപ്പിക്കുക വഴി ഒരു മാസത്തെ വില്പനയ്ക്കാവശ്യമായ മദ്യം കെ.എസ്.ബി.സി-യുടെ വിവിധ യൂണിറ്റുകളിൽ ലഭ്യമാണെന്ന് ഉറപ്പു വരുത്തുകയും ചെയ്യുന്നു. വില കുറഞ്ഞ ഇനം മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഡയറക്ടർ ബോർഡിന്റെ അംഗീകാരത്തോടുകൂടി കെയ്സ് ഒന്നിന് ലാൻഡഡ് കോസ്റ്റ് 400/- രൂപയിൽ കുറഞ്ഞ ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന് പരിധിയില്ലാതെ പർച്ചേസ് ഓർഡറുകൾ നൽകുന്നുണ്ട്. കൂടാതെ കേരള സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനിയായ ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽസ് ലിമിറ്റഡ് നിർമ്മിക്കുന്ന മദ്യം മുഴുവൻ വാങ്ങുന്നതും, വിൽക്കുന്നതും കെ.എസ്.ബി.സി മുഖേനയാണ്. |

(.........2)

| | |
|---|---|
| (ബി) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ നടപ്പിലാക്കുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബ) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ സ്നേഹതീരം ചാരിറ്റബിൾ സൊസൈറ്റിയിലെ അന്തേവാസികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ഒരുക്കുന്നതിനായി സി.എസ്.ആർ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ 10-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മദ്യത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ള പുസ്തകം പ്രസിദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനായി നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിക്ക് 2 ലക്ഷം രൂപ നൽകിയിട്ടുണ്ട്. വികലാംഗർക്ക് അധിക ചക്രങ്ങൾ ഘടിപ്പിച്ച 140 മോട്ടോർ സ്കൂട്ടറുകൾ സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന വാങ്ങി വിതരണം ചെയ്യുന്നതിലേയ്ക്കായി 1 കോടി രൂപ നൽകാനും സംസ്ഥാന ശുചിത്വമിഷന് 50 ലക്ഷം രൂപ നൽകാനും തീരുമാനമായിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്തെ ജനങ്ങൾക്കിടയിൽ മദ്യവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എക്സൈസ് വകപ്പിന് സി.എസ്.ആർ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) 2016-17 സാമ്പത്തിക വർഷത്തിൽ ബിവറേജസ് കോർപ്പറേഷൻ സർക്കാരിലേയ്ക്ക് നൽകിയ വരുമാനത്തിൽ മുൻ വർഷത്തേക്കാൾ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ഉണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ബി.സി സംസ്ഥാന ഖജനാവിലേയ്ക്ക് നൽകിയ റവന്യൂവിൽ 2015-16 സാമ്പത്തിക വർഷത്തേക്കാൾ 566 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

(..........3)

(ഡി) തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(ഡി) എഫ്.എൽ-1 ചില്ലറ വില്പനശാലകളിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 156 അസിസ്റ്റന്റ്, 300 ഹെൽപ്പർ എന്നീ തസ്തികകളിൽ താൽക്കാലിക നിയമനം നൽകിയിട്ടുണ്ട്.

Sreedevi

സെക്ഷൻ ഓഫീസർ